# നഷ്ട വിശ്വാസികൾ

ഏകാന്തമിത്തീര ഭൂമിയിലജ്ഞാത
ഭാവിപോലീ വഴിത്താര.



ഈ വഴിത്തരയിലൂടെ നടക്കയാ-
ണീരാത്രി നാമിരുപേരും.

കർപ്പൂര ദീപങ്ങൾ ചിത്രം വരയ്ക്കുമീ-
യന്തരീക്ഷങ്ങളിൽ ക്കൂടെ

സത്യവും തേടിയലഞ്ഞവരാണ നാം
സ്വർഗ്ഗ കവാടത്തിലൂടെ.

കത്തിയെരിയും മെഴുതിരിച്ചാർത്തുമായ്
എത്രയോ രാവുകൾ തോറും

മുട്ടുകൾ കുത്തയിപ്പാതിരാവിൽക്കാത്തു
നിന്നവരാണു നാമെന്നും.

മോക്ഷങ്ങളെൻ വഴി മാത്രമെന്നോതിയീ
മാർഗ്ഗത്തിൽ വന്നവരെല്ലാം

വാളും പരിചയുമായി പ്പടവെട്ടി
വീണതും നോക്കി നാം നിന്നു.

അറ്റങ്ങൾ കാണാത്തൊരീ നടപ്പാതയിൽ
പിന്നെയും മുന്നോട്ടു പോകെ

സ്നേഹം ചിറകറ്റു വീണു പിടയുന്ന
ദാരുണ ദൃശ്യങ്ങൾ കണ്ടു.

ദാഹിച്ചു ദാഹിച്ചു വീണുറങ്ങിപ്പോയ
മോഹഭംഗങ്ങളെ പ്പോലെ

അമ്പലത്തൂണിലെ ക്കൽവിളക്കിൽത്തിരി
എണ്ണ തീർന്നെല്ലാമണഞ്ഞു.

കൺതുറക്കാത്ത ദൈവങ്ങളെ നോക്കി നാം
അന്ധകാരത്തിലലഞ്ഞു.

പഞ്ചലോഹത്തിലെ സങ്കല്പമൂർത്തികൾ
മണ്ണിൽ വീണെന്നേ തകർന്നു.

മർത്യനെ മർത്യൻ ചവിട്ടിയകറ്റുന്ന
ദുഃഖ സത്യങ്ങൾക്കു പോലും

ആരാണു രൂപങ്ങൾ നൽകി? സ്മൃതികളിൽ
ആരു തീർത്തീ നീതിശാസ്ത്രം?

ഈ മണ്ണിൽ വീണ മനുഷ്യൻെറ കണ്ണുനീർ
കാണാതുറങ്ങി യുഗങ്ങൾ.

ആ നീണ്ട നീലനിശീഥത്തിലെങ്ങിനെ
മൂകരായ് നിങ്ങൾ മയങ്ങി?

എന്നെ ഞാനായി വളരാൻ വിലക്കുന്ന
ധർമ്മ ശാസ്ത്രങ്ങൾക്കു നേരേ

ശബ്ദമുയർത്താനൊരുങ്ങാത്ത നീങ്ങളിൽ
നഷ്ട വിശ്വാസികൾ ഞങ്ങൾ. ■